## സി. ബീരാൻകോയ




**ഇസ്‌ലാമിക** പ്രസ്ഥാനത്തെ നെഞ്ചേറ്റിയ വ്യക്തിത്വമായിരുന്നു സി. ബീരാൻകോയ സാഹിബ്(75). മുപ്പത് വർഷക്കാലം *പ്രബോധനം* കംമ്പോസിറ്ററായി സേവനം ചെയ്തു. ജനനവും ജീവിതവും തീർത്തും യാഥാസ്ഥിതികമായ ചുറ്റുപാടിലായിരുന്നു. ജന്മസിദ്ധമായ ആർജവബോധത്തിന്റെയും, നിരന്തരവായനയിലൂടെയും വ്യക്തി ബന്ധത്തിലൂടെയും നേടിയെടുത്ത ഇഛാശക്തിയുടെയും ഫലമായി ജീവിതം എന്തെങ്കിലും ചെയ്യാനുള്ളതാണെന്ന് ചെറുപ്പത്തിലേ തിരിച്ചറിഞ്ഞിരുന്നു. അൻപതുകളുടെ അവസാനത്തിൽ ഇ.എസ്. എൽ.സി ബലത്തിൽ സർക്കാർ സർവീസിൽ കയറിയ അദ്ദേഹം ഇഷ്ടപ്പെട്ട പ്രസ്ഥാനത്തോടൊപ്പവും നേതാക്കളോടൊപ്പവും ചെലവഴിക്കാനും സേവനം ചെയ്യാനും തീരുമാനിക്കുകയായിരുന്നു. അറുപതുകളുടെ ആദ്യംമുതൽ *പ്രബോധന*ത്തിലെ അക്ഷരങ്ങൾക്ക് ജീവൻ പകർന്ന് സംതൃപ്തനായി. മർഹൂം അബ്ദുൽ അഹദ് തങ്ങളുടെ മേൽനോട്ടത്തിൽ, എ.ആറും ഒ.എയും ഹംസ സാഹിബും വി.എ കബീർ സാഹിബും ഉബൈദ് സാഹിബും അടക്കമുള്ള എഡിറ്റർമാർ അദ്ദേഹത്തെപ്പറ്റി നല്ല ഓർമകൾ പലപ്പോഴും പങ്കുവെച്ചത് ഓർക്കുന്നു. പ്രസ്ഥാന സ്ഥാപനത്തിലെ ജോലികഴിഞ്ഞ് വിശ്രമിക്കുകയായിരുന്നില്ല അദ്ദേഹം. അറുപതുകളുടെ തുടക്കത്തിൽ വേങ്ങേരിയിൽ ഒ. മുഹമ്മദ് സാഹിബ് നേതൃത്വം നൽകിയ ഹൽഖയിലേക്ക് നാട്ടിൽനിന്നുള്ള മർഹൂം അബ്ദുല്ലക്കോയമാസ്റ്റർ, അബൂബകർ മാസ്റ്റർ, ഉസ്മാൻ മാസ്റ്റർ എന്നിവരോടൊപ്പം പോവുകയും പ്രസ്ഥാന പഠനവും പ്രവർത്തനവും തുടങ്ങുകയും ചെയ്തു.

സ്വന്തം പ്രദേശമായ പറമ്പിൽ ബസാറിൽ '70-കളുടെ തുടക്കം മുതൽ തന്നെ സ്റ്റഡിക്ലാസുകൾ സംഘടിപ്പിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ ആരംഭിച്ചത്. സിദ്ദീഖ് ഹസൻ സാഹിബ് ഉൾപ്പെടെ പ്രസ്ഥാന നേതാക്കൾ അതിലെ സ്ഥിരം പ്രഭാഷകരായിരുന്നു. കർമകാലത്ത് കൂടുതൽ ഊർജം ചെലവഴിച്ചത് നാട്ടിലെ ചെറുപ്പക്കാരെ സംഘടിപ്പിച്ച് അന്നത്തെ സോളിഡാരിറ്റിയെന്നു വിശേഷിപ്പിക്കാവുന്ന 'യങ്ങ് മെൻ മുസ്‌ലിം അസോസിയേഷ'ന്റെ രൂപീകരണത്തിലും പ്രവർത്തനത്തിലുമായിരുന്നു. നാടിന്റെ നിറയൗവ്വനങ്ങളെ തെരഞ്ഞുപിടിച്ചായിരുന്നു അതിന്റെ സംഘാടനം. പി.എം അബ്ദുർറഹ്മാൻ(റിട്ട. സെയിൽ ടാക്സ് ഡിപാ.), റസാഖ് മാസ്റ്റർ (റിട്ട. പ്രിൻസിപ്പൽ, ജെ.ഡി.റ്റി), പാലേത്ത് കുഞ്ഞഹമ്മദ് (റിട്ട. പോസ്റ്റൽ ഡിപാ.), ഉമർസാഹിബ് (*ചന്ദ്രിക*) തുടങ്ങിയവർ ആ പട്ടികയിലെ ചിലർമാത്രം. 80-കളുടെ തുടക്കത്തിൽ മർഹൂം കെ.ടി കുട്ടിഹസൻ (കെ.ടി.കെ ചേന്ദമംഗല്ലൂർ) ഞങ്ങളുടെ വരാന്തയിൽവെച്ച് പറമ്പിൽ ബസാർ ഹൽഖ രൂപീകരിച്ചതുമുതൽ അക്ഷരാർഥത്തിൽ ജമാഅത്ത് കേന്ദ്രമായിരുന്നു വീട്. ക്ലാസുകളും തറാവീഹ് നമസ്കാരവുമെല്ലാം അവിടെത്തന്നെ. നാട്ടിലെ ഉദുഹിയ്യത്ത്, ഈദ്ഗാഹ്, ഈദ്സോഷ്യൽ എന്നിവയുടെ സംഘാടനത്തിനും നേതൃത്വം നൽകി. നല്ല വായനക്കാരനുമായിരുന്നു.

ഇതിനിടയിലും കുടുംബത്തിന്റെ ഇസ്‌ലാമിക ശിക്ഷണം ഉറപ്പുവരുത്തി. ശാന്തപുരം, ഇസ്‌ലാഹിയ, വാദിഹുദ എന്നിവിടങ്ങളിൽ മക്കളെയെല്ലാം പറഞ്ഞയച്ചു പഠിപ്പിച്ചു. നിത്യജീവിതത്തിനുള്ള വരുമാനം മുട്ടിയപ്പോൾ പോലും മക്കളുടെ പഠനം മുടങ്ങാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചു. ഭാര്യ: ടി.കെ കുഞ്ഞീമ ടീച്ചർ. മക്കൾ: ഡോ. സഊദ് റമദാൻ, ജൗഹർ, നസീബ, മുഹമ്മദ് ഷാഫി.

**ഡോ. സഊദ് റമദാൻ**

## എം. അബൂബക്കർ



**കുടഗ്** ജില്ലയിലെ വീരാജ്പേട്ട പ്രാദേശിക ജമാഅത്തിലെ കാർക്കൂൻ ആയിരുന്നു എം. അബൂബക്കർ സാഹിബ് (86). നവോത്ഥാന ചിന്തകൾ മനസ്സിലാക്കിയവർ കുടഗ് ജില്ലയിൽ തീരെ ഇല്ലാതിരുന്ന കാലത്ത് ഇസ്‌ലാമിക പ്രസ്ഥാനത്തെ അതിന്റെ സാഹിത്യങ്ങൾ മുഖേനയും വ്യത്യസ്ത പരിപാടികൾ വഴിയും പഠിച്ച് മനസ്സിലാക്കിയാണ് അദ്ദേഹം പ്രസ്ഥാനത്തിലേക്ക് കടന്ന് വന്നത്. താൻ മനസ്സിലാക്കിയത് മറ്റുള്ളവരിലേക്ക് പകരാൻ ധൈര്യവും ആത്മാർഥതയും കാണിച്ച വ്യക്തിത്വമായിരുന്നു 'മൊയിലാർ അബുക്ക' എന്ന് എല്ലാവരും വിളിച്ചിരുന്ന എം. അബൂബക്കർ സാഹിബ്. 1940 കളിൽ ഉപജീവനാർഥം മലപ്പുറം ജില്ലയിൽനിന്ന് കുടഗിലേക്ക് കുടിയേറിപ്പാർത്തവരിൽ ഒരാളായിരുന്നു അബുക്ക.

1960-70 കാലയളവിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി നടന്നിരുന്ന ഫർഖാ സമ്മേളനങ്ങളിലും മറ്റു പരിപാടികളിലും പങ്കെടുത്ത് പ്രസ്ഥാനത്തെ പഠിച്ചു. 1970-ൽ വീരാജ്പേട്ടയിൽ അൽ മദ്റസത്തുൽ ഇസ്‌ലാമിയ സ്ഥാപിക്കുകയും ഉളിയിലെ മർഹൂം സി.കെ യൂസുഫ് മൗലവിയെ അധ്യാപനത്തിനും സംഘടനാ പ്രവർത്തനത്തിനും വേണ്ടി നിയമിക്കുകയുമുണ്ടായി. അക്കാലത്ത് ഇസ്‌ലാമിക് കൾച്ചറൽ സൊസൈറ്റിയുടെ രൂപീകരണത്തിലും പിൽക്കാലത്ത് അത് മുത്തഫിഖ് ഹൽഖയായി രൂപാന്തരപ്പെടുത്തുന്നതിലും നിസ്തുലമായ പങ്ക്‌വഹിച്ചു. കേരളത്തിൽനിന്ന് മർഹൂം ഇസ്സുദ്ദീൻ മൗലവി, മർഹൂം കെ. മൊയ്തു മൗലവി, ബിഷ്റുദ്ദീൻ ശർഖി എന്നിവരെ കൊണ്ടുവന്ന് പരിപാടികൾ നടത്തുമായിരുന്നു.

വായനാ തൽപരനും പുസ്തക സ്നേഹിയുമായിരുന്ന അദ്ദേഹം പഴയകാല ഖുർആൻ തഫ്സീറുകൾ, വിവിധ ഖുർആൻ, ഹദീസ് വ്യാഖ്യാന ഗ്രന്ഥങ്ങൾ എന്നിവ സൂക്ഷിക്കുകയും സന്ദർഭാനുസൃതം അവ ഉപയോഗപ്പെടുത്തുകയും ചെയ്തിരുന്നു. 1975-ൽ പ്രസ്ഥാനം നിരോധം അഭിമുഖീകരിച്ച പ്രത്യേക സാഹചര്യത്തിൽ തന്റെ കൈവശമുണ്ടായിരുന്ന ഐ.പി.എച്ച് സാഹിത്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി അദ്ദേഹം കാണിച്ച ശുഷ്കാന്തി എടുത്തുപറയത്തക്കതാണ്.

കേരള ഹൽഖാ അമീറുമാർ അടക്കം പ്രസ്ഥാന നായകരുമായി ബന്ധം നിലനിർത്തിയിരുന്നു. അദ്ദേഹത്തിന്റെ കൂടി ശ്രമഫലമായി 2003-ൽ കുടഗ് ജില്ലയിൽ ആദ്യമായി പ്രസ്ഥാനത്തിന്റേത് എന്ന് പറയപ്പെടുന്ന ഒരു ജുമുഅത്ത് പള്ളി നിലവിൽവന്നു.

**പി.കെ അബ്ദുർഹ്മാൻ, വീരാജ്പേട്ട**

*അല്ലാഹുവേ, പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കേണമേ - ആമീൻ*

**‹ സ്മരണ ›**

# പി. നൂർ മുഹമ്മദ്
# അക്ഷരങ്ങളെ നെഞ്ചിലേറ്റിയ വിശുദ്ധ ജീവിതം



**കഴിഞ്ഞ** നാലു പതിറ്റാണ്ടുകാലം കർണാടകയിലെ ഇസ്‌ലാമിക സാഹിത്യ രംഗത്ത് നിറഞ്ഞുനിന്ന് നാൽപതിൽ പരം ഗ്രന്ഥങ്ങൾ മലയാളത്തിൽ നിന്നും ഉർദുവിൽ നിന്നും കന്നടയിലേക്ക് വിവർത്തനം ചെയ്ത് വിവർത്തന സാഹിത്യ ലോകത്ത് പുതിയ അധ്യായം കുറിച്ച മഹൽ ജീവിതമാണ് ആഗസ്റ്റ് 19-ന് നമ്മെ വിട്ടുപിരിഞ്ഞ ഉപ്പിനങ്ങാടിയിലെ പി. നൂർ മുഹമ്മദ് സാഹിബ്. വെളുത്ത ഷർട്ടും മുണ്ടും ധരിച്ച്, വെളുത്ത തലമുടിയുമായി, പേരു സൂചിപ്പിക്കും പോലെ അദ്ദേഹം കന്നട ഇസ്‌ലാമിക സാഹിത്യത്തിലെ പ്രകാശം തന്നെയായിരുന്നു. മലയാള ഭാഷ ഔപചാരികമായി പഠിച്ചിട്ടില്ലെങ്കിലും, ആ ഭാഷയിൽ അദ്ദേഹം നേടിയെടുത്ത വ്യുൽപ്പത്തി അത്ഭുതാവഹമായിരുന്നു. 1969-ൽ മംഗലാപുരം യൂനിവേഴ്സിറ്റി കോളേജിൽ നിന്ന് സ്വർണ മെഡലോടെ ബി.എസ്.സി പാസ്സായപ്പോൾ, തന്നെ തേടിയെത്തിയ ഉയർന്ന വരുമാനമുള്ള ജോലികൾ അദ്ദേഹം വേണ്ടെന്നു വെച്ചു. എഴുത്തും വായനയും തപസ്സായി സ്വീകരിക്കുകയായിരുന്നു പിന്നീട്. 1978-ൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ കന്നട മുഖപത്രമായ *സന്മാർഗ*യുടെ സ്ഥാപക പത്രാധിപ സമിതിയിൽ അംഗമായി. 2007-ൽ ഇബ്റാഹീം സഈദിന്റെ നിര്യാണത്തോടെ പ്രധാന പത്രാധിപരുടെ ചുമതല മരണം വരെ നിർവഹിച്ചു. ഒന്നാം ലക്കം മുതൽ നാളിതുവരെ നൂർ മുഹമ്മദ് സാഹിബിന്റെ ലേഖനമില്ലാതെ ഒരു ലക്കവും പുറത്തിറങ്ങിയിട്ടില്ല എന്നാണ് *സന്മാർഗ*യുടെ പത്രാധിപ ചുമതല ഏറ്റെടുത്ത അബ്ദുൽ ഖാദർ കുക്കില അനുസ്മരിച്ചത്. 1968-ൽ *ശാന്തി പ്രകാശന* പ്രസാധനാലയം പിറവിയെടുക്കുന്നതിന് മുമ്പ് ഇസ്‌ലാമിനെക്കുറിച്ച് കന്നട ഭാഷയിൽ കാര്യമായ ഒരു കൃതി പോലും ഉണ്ടായിരുന്നില്ല. ഈയൊരു പശ്ചാത്തലത്തിലാണ് മലയാളത്തിലെ പ്രകൃഷ്ടമായ ഇസ്‌ലാമിക രചനകൾ നൂർ മുഹമ്മദ് സാഹിബ് കന്നടയിലേക്ക് പരിഭാഷപ്പെടുത്തുന്നത്.

താൻ വിവർത്തനം ചെയ്ത *തഫ്ഹീമുൽ ഖുർആൻ* അടക്കമുള്ള ഗ്രന്ഥങ്ങളുടെ പ്രകാശന ചടങ്ങിൽ പോലും സ്റ്റേജിൽ കയറാതെ, ക്യാമറക്ക് പോസ് ചെയ്യാതെ സദസ്യരിൽ ഒരാളായി ഇരിക്കുന്ന എളിമ. താൻ മരിച്ചാൽ അനുശോചന യോഗം സംഘടിപ്പിക്കരുതെന്ന് വസിയ്യത്ത് ചെയ്ത മഹാൻ. വിവർത്തനത്തിൽ ഒരു വിട്ടുവീഴ്ചക്കും അദ്ദേഹം തയാറില്ലായിരുന്നു. വിവർത്തനത്തിൽ മൂലസ്രോതസ്സിലെ ആശയങ്ങൾക്ക് നേരിയ പോറൽ പോലും ഏൽക്കാതിരിക്കാൻ അദ്ദേഹം ജാഗ്രത പുലർത്തി. *തഫ്ഹീമുൽ ഖുർആൻ, തെറ്റിദ്ധരിക്കപ്പെട്ട മതം, ഒരു ജാതി ഒരു ദൈവം, പരലോകം ഖുർആനിൽ, വേദഗ്രന്ഥങ്ങളിൽ പ്രവാചകൻ മുഹമ്മദ്(സ), ജമാഅത്തെ ഇസ്‌ലാമി ഒരു ലഘുപരിചയം, വൈവാഹിക ജീവിതം ഇസ്‌ലാമിക വീക്ഷണത്തിൽ, സ്ത്രീ ഇസ്‌ലാമിൽ* എന്നീ ഐ.പി.എച്ച് സാഹിത്യങ്ങൾ അദ്ദേഹം വിവർത്തനം ചെയ്ത കൃതികളിൽ പെടുന്നു. 2013 നവംബറിൽ പ്രകാശനം ചെയ്യപ്പെട്ട ടി. മുഹമ്മദ് സാഹിബിന്റെ *ഭാരതീയ സംസ്കാരത്തിന്റെ അടിയൊഴുക്കുകൾ* ഒന്നാം ഭാഗത്തിന്റെ കടന്ന പരിഭാഷയുടെ പ്രകാശന ചടങ്ങിൽ കന്നട സാഹിത്യകാരനായ ഡോ. സിദ്ധലിങ്കയ്യ പറഞ്ഞ വാക്കുകൾ ഉദ്ധരിക്കട്ടെ: "ഈ ഗ്രന്ഥം മലയാളത്തിൽ നിന്ന് വിവർത്തനം ചെയ്തതാണെന്ന് വിശ്വസിക്കാൻ പ്രയാസം. കന്നടയിലെ തന്നെ മൂലകൃതിയാണെന്നേ തോന്നൂ. എല്ലാം കൊണ്ടും ഒരു 'നൂർ' ഞാൻ ഇതിൽ കാണുന്നു." *തഫ്ഹീമുൽ ഖുർആന്റെ* കന്നട വിവർത്തനത്തിന്റെ ആറു വാള്യങ്ങളിൽ നാലെണ്ണം പൂർത്തീകരിച്ചു കഴിഞ്ഞു. അഞ്ചാം വാള്യം തുടങ്ങാനിരിക്കെയാണ് അന്ത്യം

മരിക്കുന്നതിന് രണ്ടു ദിവസം മുമ്പ് ബംഗളൂരുവിൽ നടന്ന ശിൽപശാലയിൽ *ഭാരതീയ സംസ്കാരത്തിന്റെ അടിയൊഴുക്കുകൾ* രണ്ടാം ഭാഗം വിവർത്തനം ചെയ്യുന്നതിനെക്കുറിച്ച് പറഞ്ഞിരുന്നു. കൂടുതൽ ഐ.പി.എച്ച് സാഹിത്യങ്ങൾ കന്നടയിലേക്ക് വിവർത്തനം ചെയ്യപ്പെടേണ്ടിയിരിക്കുന്നുവെന്നും സൂചിപ്പിച്ചു. അത് കഴിഞ്ഞ് രണ്ടു ദിവസത്തിനു ശേഷമാണ് ഇശാ നമസ്കാരം കഴിഞ്ഞ് തന്റെ ഇരുചക്രവാഹനത്തിൽ വീട്ടിലേക്ക് പോകുംവഴി പിന്നിൽ നിന്ന് വന്ന വാഹനമിടിച്ച് മരണമുണ്ടായത്.

നൂർ മുഹമ്മദിന് പകരം വെക്കാൻ മറ്റൊരു നൂർ മുഹമ്മദ് ഇല്ല. തുല്യതയില്ലാത്ത നിശ്ശബ്ദ സേവകനായിരുന്നു ആ കർമയോഗി. അളന്നു മുറിച്ചുള്ള വാക്കുകൾ. ഒറ്റ നോട്ടത്തിൽ തീക്ഷ്ണത തോന്നിക്കുമെങ്കിലും ഉള്ളിൽ സ്നേഹത്തിന്റെ വെള്ളിവെളിച്ചം ഒളിഞ്ഞിരിപ്പുണ്ട്. 1974-ൽ ജമാഅത്ത് അംഗമായ അദ്ദേഹം ഒരു മീഖാത്തിൽ ജമാഅത്തിന്റെ പ്രാദേശിക ഹൽഖക്ക് നേതൃത്വം നൽകിയിരുന്നു. പ്രവർത്തകരെ നന്നായി മനസ്സിലാക്കി അവരോട് അടുത്തിടപഴകുമായിരുന്നു. യോഗങ്ങളിലും മറ്റും വളരെ കുറച്ചേ സംസാരിക്കുകയുള്ളൂ. ഏറെ പ്രസക്തമായ അഭിപ്രായങ്ങൾ മാത്രം പറയും.

നൂർ മഹുമ്മദ് സാഹിബിന്റെ മരണത്തോടെ ഭാഷാ വിനിമയത്തിന്റെ പാലമാണ് നഷ്ടപ്പെട്ടത്. കാലഘട്ടത്തിന്റെ ചലനത്തിനൊത്ത് ഇസ്‌ലാമിക സാഹിത്യത്തിനും പത്രപ്രവർത്തനത്തിനും പുതുഭാവങ്ങൾ നൽകിയ നൂർ മുഹമ്മദ് തന്റെ 75-ാം വയസ്സിലും ഇൻഫർമേഷൻ ടെക്നോളജിയുടെ എല്ലാ പുതുമകളെയും തന്റെ എഴുത്തിലേക്ക് കൂട്ടുപിടിച്ചിരുന്നു. ഒരുപാട് നന്മകളും മാതൃകകളും അടുത്ത തലമുറക്ക് കൈമാറിയ അദ്ദേഹം തന്റെ കുടുംബത്തെ ഗ്രന്ഥരചനയിലേക്കും പത്രപ്രവർത്തനത്തിലേക്കും എത്തിക്കുക എന്ന ദൗത്യം പൂർത്തീകരിച്ചാണ് ലോകത്തോട് വിടപറഞ്ഞത്. ഭാര്യ ആഇശയും ജമാഅത്ത് അംഗമാണ്. കാറവാറിൽ ഇൻഫർമേഷൻ ഓഫീസറായി ജോലി ചെയ്യുന്ന ശഫി സാദുദ്ദീൻ, *സന്മാർഗ*യുടെ മാനേജർ ശാഹിദ്, *അനുപമ* വനിതാ മാസികയുടെ പത്രാധിപ സമിതിയംഗം സമീന എന്നിവരെ കൂടാതെ മൂന്നു മക്കൾ വേറെയുമുണ്ട് അദ്ദേഹത്തിന്. അല്ലാഹു അദ്ദേഹത്തെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

**പി.കെ അബ്ദുർറഹ്മാൻ വീരാജ്പേട്ട**